**No. KFDHQ/4136/2022-CWW/WL-10**

ഫോറസ്റ്റ്ഹെഡ്ക്വാർട്ടേഴ്സ്
വൈൽഡ്ലൈഫ്ഓഫീസ്
തിരുവനന്തപുരം
ഫോൺ: 0471-2321610

**തീയതി : 17.09.2022**

# പത്രക്കുറിപ്പ്

## വന്യജീവി വാരാഘോഷം - 2022
## പൊതുജനങ്ങൾക്കും, വിദ്യാർത്ഥികൾക്കുമായുള്ള മത്സരങ്ങൾ

ഒക്ടോബർ 2 മുതൽ 8 വരെ നടക്കുന്ന ഇക്കൊല്ലത്തെ വന്യജീവി വാരാഘോഷത്തോട നുബന്ധിച്ച് വനം വകുപ്പ് വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. പൊതുജനങ്ങൾക്കായി വന്യജീവി ഫോട്ടോഗ്രാഫി, യാത്രാ വിവരണം (ഇംഗ്ളീഷ്/മലയാളം) എന്നീ മത്സരങ്ങൾ ഓൺലൈനായും പോസ്റ്റർ ഡിസൈൻ, ഷോർട്ട് ഫിലിം മത്സരങ്ങൾ തപാൽ മുഖേനയുമാണ് സംഘടിപ്പിക്കുക. വിദ്യാർത്ഥി കൾക്കായി ലോവർ പ്രൈമറി, അപ്പർ പ്രൈമറി വിദ്യാർത്ഥികൾക്കായി പ്രകൃതിയേയും, വന്യജീവികളേയും അടിസ്ഥാനമാക്കി പെൻസിൽ ഡ്രോയിംഗ്, വാട്ടർകളർ പെയിന്റിംഗ് എന്നീ ഇനങ്ങളിലും ഹൈസ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി ക്വിസ്, ഉപന്യാസം, പ്രസംഗം, പെൻസിൽ ഡ്രോയിംഗ്, വാട്ടർകളർ പെയിന്റിംഗ് എന്നീ ഇനങ്ങളിലും മത്സരങ്ങൾ സംഘടിപ്പിക്കുന്നു.

എല്ലാ സർക്കാർ/എയിഡഡ്/അംഗീകൃത/സ്വാശ്രയ സ്കൂളുകളിലേയും കോളേജുകളിലേയും വിദ്യാർത്ഥികൾക്ക് മത്സരങ്ങളിൽ പങ്കെടുക്കാം. പ്ലസ് 1 തലം മുതൽ മുകളിലോട്ടുള്ളവർക്ക് കോളേജ് വിഭാഗത്തിൽ മത്സരിക്കാം. പ്രൊഫഷണൽ കോളേജുകൾക്കും മത്സരത്തിൽ പങ്കെടുക്കാം. ര ് പേരടങ്ങുന്ന ഒരു ടീം ആയിരിക്കും ക്വിസ് മത്സരത്തിൽ പങ്കെടുക്കേ ത്. മറ്റു മത്സരങ്ങൾക്ക് 2 പേർക്ക് വരെ ഓരോ സ്ഥാപനത്തെ പ്രതിനിധീകരിച്ച് ഒരോ മത്സരയിനത്തിലും പങ്കെടുക്കാം. പ്രസംഗ മത്സരവും ഉപന്യാസ മത്സരവും മലയാള ഭാഷയിലായിരിക്കും സംഘടിപ്പിക്കുന്നത്. ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ഓരോ മത്സരയിനത്തിലേയും ആദ്യമൂന്നുസ്ഥാനം നേടുന്നവർക്ക് ക്യാഷ് അവാർഡുംസർട്ടിഫിക്കറ്റും നൽകുന്നു. ജില്ലാതലമത്സരങ്ങളിൽ ഒന്നാം സമ്മാനം നേടുന്നവർക്ക് ക്യാഷ് അവാർഡിനും സർട്ടിഫിക്കറ്റിനും സംസ്ഥാനതല വിജയികളായ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് റോളിംഗ് ട്രോഫിയും സമ്മാനിക്കുന്നതാണ്. സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്കും അനുഗമിക്കുന്ന ഒരു രക്ഷകർത്താവിനും ഭക്ഷണവും താമസസൗകര്യവും, സ്ളീപ്പർ ക്ളാസ്സ് യാത്രാചെലവും നൽകുന്നതാണ്. ഈ വർഷത്തെ സംസ്ഥാനതല മത്സരങ്ങൾ തേക്കടിയിൽ വച്ചായിരിക്കും നടത്തുന്നത്.

സെപ്റ്റംബർ 20 മുതൽ 30 വരെ എൻട്രികൾ സമർപ്പിക്കാം. മത്സരങ്ങളിൽ പങ്കെടുക്കുവാൻ താത്പര്യമുള്ളവർ താഴെ പറയുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടണം.

**വന്യജീവി ഫോട്ടോഗ്രാഫി മത്സരം**: വൈൽഡ്ലൈഫ് വാർഡൻ, തിരുവനന്തപുരം, മൊബൈൽ : 9447979082 / ഓഫീസ്: 04712360762, **പോസ്റ്റർ ഡിസൈനിംഗ് മത്സരം:** ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്ലൈഫ്), ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം, മൊബൈൽ : 9447979028/ഓഫീസ് :0471 2529303, **ഷോർട്ട് ഫിലിം മത്സരം**: വൈൽഡ്ലൈഫ് വാർഡൻ, പീച്ചി, മൊബൈൽ :9447979103 / ഓഫീസ്: 0487 2699017**, യാത്രാ വിവരണ മത്സരം (ഇംഗ്ളീഷ്, മലയാളം):** ടെക്നിക്കൽ അസിസ്റ്റന്റ് റ്റു ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (നോർതേൺ സർക്കിൾ), കണ്ണൂർ, മൊബൈൽ: 9447979071 / ഓഫീസ്: 0497 2760394. കൂടുതൽ വിവരങ്ങൾ വനം വകുപ്പിന്റെ വെബ്സൈറ്റിൽ

(**www.forest.kerala.gov.in**) ലഭ്യമാണ്.

.

പ്രിൻസിപ്പൽ ചീഫ്ഫോറസ്റ്റ്കൺസർവേറ്റർ (വൈൽഡ്ലൈഫ്) &
ചീഫ് വൈൽഡ്ലൈഫ് വാർഡൻ